"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ് ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, അനുബന്ധ സാമഗ്രികൾ എന്നിവ GEM പോർട്ടൽ മുഖേന വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt)No.482/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:-

1. സ.ഉ.(കൈ) നം. 22/2018/തസ്വഭവ; തീയതി 14.02.2018.
2. 20.01.2020-ലെ ഡിഎ1/363/2019/തസ്വഭവ നമ്പർ സർക്കുലർ.
3. 07.09.2020-ലെ ഡി എ1/153/2020/തസ്വഭവ നമ്പർ സർക്കുലർ.
4. 23.10.2021-ലെ സ.ഉ.(സാധാ) നം. 2076/2021/ത.സ്വ.ഭ.വ.
5. പഞ്ചായത്തു ഡയറക്ടറുടെ 01.12.2021-ലെ PAN/20909/2018-J1 (DP) നമ്പർ കത്ത്
6. കേരള സംസ്ഥാന ഐ.റ്റി മിഷൻ ഡയറക്ടറുടെ 07/02/2022 ലെ e-Proc/28/2021-KSITM/85 നമ്പർ കത്ത്
7. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ന് നടന്ന യോഗത്തിന്റെ തീരുമാനം - 2.4 (ഖണ്ഡിക 4.69), 3.7

**<u>ഉത്തരവ്</u>**

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്കും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കും പഠനാവശ്യത്തിനായി ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് പരാമർശം (1) ലെ മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ലാപ് ടോപ്പുകൾ Procurement and Rate contract System (CPRCS) മുഖേന വാങ്ങണമെന്നാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നത്. ഐ.റ്റി.മിഷൻ ഡയറക്ടറുടെ ശുപാർശ അനുസരിച്ച് നിശ്ചയിച്ച, പരാമർശം 2 സർക്കുലറിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മിഡ് ലെവൽ ലാപ് ടോപ് ആകണം വിദ്യാർത്ഥികൾക്ക് വേണ്ടി വാങ്ങേണ്ടതെന്നും വില - ഉബുണ്ടു അധിഷ്ഠിതമായ ലാപ് ടോപിന് 22,895/- രൂപയും വിന്റോസ് ഹോം അധിഷ്ഠിതമായതിന് 27,722/- രൂപയും ആയി നിശ്ചയിച്ചും നൽകിയിരുന്നു.

2. CPRCS പോർട്ടലിൽ നിന്നും ലാപ്ടോപ്പ് ലഭിക്കാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ/ഇ-ടെണ്ടർ മുഖേന ആയത് വാങ്ങാവുന്നതാണെന്ന് പരാമർശം 3 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. CPRCS മുഖേന

ഉപകരണങ്ങൾ ലഭിക്കാൻ ഒരു മാസത്തിലധികം താമസമുണ്ടായാൽ ഡിപ്പോസിറ്റ് ചെയ്ത തുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തിരികെ വാങ്ങാവുന്നതാണെന്നും ഇതുപയോഗിച്ച് GEM പോർട്ടൽ മുഖേന ഉപകരണങ്ങൾ വാങ്ങാനും പരാമർശം 4 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

3. ലാപ് ടോപ് വിതരണക്കാരുമായുള്ള കരാർ അവസാനിച്ചതിനാൽ CPRCS പോർട്ടലിൽ ലാപ് ടോപിന്റെ നിരക്ക് ലഭ്യമല്ല എന്നും CPRCS മുഖേന കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കും ഓർഡർ നൽകി ഒരുമാസം കഴിഞ്ഞ്, തുക തിരികെ ലഭ്യമായി പിന്നീട് GEM പോർട്ടൽ മുഖേന വാങ്ങി നൽകുകയാണെങ്കിൽ സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി ലാപ്ടോപ്പുകൾ നൽകുവാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിയില്ലെന്നും അതിനാൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നേരിട്ട് GEM, Tender, e-Tender എന്നിവയിലേതെങ്കിലും മാർഗ്ഗത്തിലൂടെ വാങ്ങുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 5 പ്രകാരം ശിപാർശ ചെയ്തിരുന്നു. ലാപ് ടോപിന്റെ പുതിയ സ്പെസിഫിക്കേഷൻ ഐ.റ്റി മിഷൻ ഡയറക്ടർ പരാമർശം 6 പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

4. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചുവടെയുള്ള സ്പെസിഫിക്കേഷൻ പ്രകാരം GEM പോർട്ടലിൽ നിന്നു ലാപ് ടോപ് വാങ്ങി നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

| Sl. No | **TECHNICAL SPECIFICATION OF LAPTOPS FOR LSGD** | | |
|---|---|---|---|
| 1 | Processor | Intel | AMD |
| | | I3, $11^{th}$ generation or higher | Ryzen 5000 Series or higher |
| 2 | Chipset | OEM Compatible | |
| 3 | Motherboard | OEM Compatible | |
| 4 | Memory | 4 GB DDR4 RAM<br><br>Expandable up to at least 16 GB | |
| 5 | Hard Disk Drive | 512 GB SSD | |
| 6 | Display | 14” Antiglare HD LED Backlit Display | |
| 7 | Display Size | 14” | |
| 8 | Wireless connectivity | Integrated wireless b/g/n, Integrated Bluetooth | |
| 9 | Speaker | Integrated Stereo Speaker | |
| 10 | Keyboard | Integrated Stereo Keyboard with Touch Pad | |
| 11 | Camera | Integrated HD Camera | |
| 12 | Audio | Integrated | |
| 13 | Expansion Port | 3 USB Port (at least two number of | |

| | | |
|---|---|---|
| 13 | Expansion Port | 3 USB Port (at least two number of USB 3.0 and One number of Type C)<br>10/100/1000 Ethernet Card HDMI,<br>1 Head Phone / microphone combo |
| 14 | Power Supply | 230 V, 50HZ AC Supply with rechargeable Battery pack comprising of Li - Polymer battery / Li - Ion Polymer battery |
| 15 | Battery Backup | 2 HD videos should run simultaneously for 2 hours on battery |
| 16 | Mouse | Optical Scroll mouse, Backpack |
| 17 | Carry case | Backpack to be provided |
| 18 | Weight | Weight less than or equal to 1.8 kg |
| 19 | Warranty | 3 year comprehensive onsite OEM Warranty including battery and charger |
| 20 | Certification | ROHS Compliance & BIS for Product |
| 21 | Operating system | Ubundu (Version : 20) |

5. തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങൾക്കും അവരുടെ ആവശ്യങ്ങൾക്കുള്ള ലാപ് ടോപ്, കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, അനുബന്ധ സാമഗ്രികൾ എന്നിവയും GEM വഴി വാങ്ങുന്നതിന് അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LEENA N P

JOINT SECRETARY

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ഡയറക്ടർ, കേരള സംസ്ഥാന ഐ.ടി. മിഷൻ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും

12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്